THE SYRO- MALANKARA CATHOLIC CHURCH

MORAN MOR
BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 1/2016

20.01.2016

സർക്കുലർ

കാതോലിക്കാ ദിനം-2016

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നമ്മുടെ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനുശേഷമുള്ള 11-ാം കാതോലിക്കാ ദിനം 2016 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ആചരിക്കുകയാണ്. സഭാജീവിതത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാലയളവിലാണ് ഈ കാതോലിക്കാ ദിനം സഭയൊന്നാകെ ആചരിക്കുന്നത്.

കരുണയുടെ അസാധാരണ ജൂബിലി വർഷമായി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ ഈ വർഷത്തെ പ്രഖ്യാപിച്ചിരിക്കുന്നു. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന ആഹ്വാനമാണ് ഈ ജൂബിലി വർഷം നമുക്ക് നൽകുന്നത്. ധൂർത്തപുത്രനെ ജീവിതാനുഭവങ്ങൾ തിരികെ ഭവനത്തിലെത്തിച്ചതും, നല്ല സമരിയാക്കാരൻ തന്റെ തിരക്കുകൾക്കിടയിലും പതിയിരിക്കുന്ന അപകടത്തെപോലും വകവെയ്ക്കാതെ അപരനെ സത്രത്തിലെത്തിച്ചതും, കാണാതെപോയ ഒരാടിനെ തേടി അലയുന്ന നല്ല ഇടയനുമൊക്കെ കാണിച്ചുതരുന്നതും കരുണയുടെ ദൈവസ്നേഹമാണ്. മലങ്കരയുടെ ആരാധനാ പൈതൃകത്തിൽ ദൈവകരുണ വർണനാതീതമാണ്. ഇന്ന് ലോകത്തിന് നഷ്ടപ്പെടുന്നതും കരുണയുടെ ഈ മുഖമാണ്. കാരുണ്യത്തിന്റെ കനിവ് വറ്റുന്ന ഈ ലോകത്തിൽ കരുണയുടെ നീരുറവകളാകാൻ പരിശുദ്ധ പിതാവ് നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു.

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽസഭയായി നമ്മുടെ സഭയെ ഉയർത്തുകയും സഭാതലവൻ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാ

ബാവായായി നിയമിതനാകുകയും ചെയ്ത ചരിത്രസംഭവത്തെ ഓർക്കുകയും, അതിന് സർവശക്തനായ ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യുക എന്നതാണ് കാതോലിക്കാ ദിനാചരണംകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം രണ്ട് പ്രധാന ചരിത്ര സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായി എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രെ. ഭാരതം മുഴുവൻ സുവിശേഷമറിയിക്കുവാൻ പ്രത്യേക അജപാലനാധികാരം ലഭ്യമായി എന്നതും, ഭാരതത്തിനു പുറത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് പുതുതായി ഒരു ഭദ്രാസനം രൂപീകരിക്കപ്പെടുകയും ചെയ്തു എന്നുള്ളതുമാണ് ആ രണ്ട് കാര്യങ്ങൾ. ദൈവദാസൻ മാർ ഈവാനിയോസ് വലിയമെത്രാപ്പോലീത്താ സ്വപ്നം കണ്ടതും വിത്തുപാകിയതുമായ സുവിശേഷീകരണം ഭാരതം മുഴുവൻ എത്തിക്കുവാൻ ഗുഡ്ഗാവ് സെന്റ് ക്രിസോസ്റ്റം ഭദ്രാസനവും, പൂനെ-കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റും സ്ഥാപിച്ചുകൊണ്ട് അന്ത്യോക്യൻ പാരമ്പര്യത്തിന്റെ തനിമയും നന്മയും ഈ ഭാരതമണ്ണിൽ പൂവണിയിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭയെ ആഗോള സഭ ക്ഷണിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം അതൊരു ദൈവിക ദൗത്യവും വെല്ലുവിളിയുമാണ്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ കാനോനിക പ്രവർത്തനങ്ങൾ അതിന്റെ പരിസമാപ്തിയിലേക്ക് എത്തികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ വന്ദ്യപിതാവ് സ്വപ്നം കണ്ട വയെല്ലാം യാഥാർത്ഥ്യമാകുന്ന വലിയ ദൈവിക ഇടപെടലുകൾ നമ്മുടെ മുമ്പിൽ നടക്കുകയാണ്. ഇതുവരെയും നമ്മുടെ സാന്നിധ്യം എത്തിച്ചേർന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ വളരെ വേഗം എത്തിപ്പെടാനുള്ള മാർഗ്ഗങ്ങൾ വന്ദ്യപിതാവിന്റെ മധ്യസ്ഥതയിലൂടെ സാധിക്കുന്നു എന്നത് പ്രത്യേകം ഇവിടെ അനുസ്മരിക്കുന്നു. അവിടെയെല്ലാം നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം പ്രേഷിതരുടെ അഭാവമാണ്. ഈ കാര്യത്തിൽ സഭാമക്കളുടെയെല്ലാം പ്രാർത്ഥന ഏറെ ആവശ്യമുള്ള ഒരു സമയമാണിത്. ആളും അർത്ഥവും നൽകി സഭാശുശ്രൂഷകൾ അതാവശ്യമുള്ള അനേകരിലേക്ക് എത്തിക്കുവാൻ നമ്മുടെ പരിശ്രമവും നല്ല മനസും എന്നും ആവശ്യമാണ്.

2016 ജനുവരി 4-ാം തീയതി ഭാരതത്തിനു പുറത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അമേരിക്കയിലെ ന്യൂയോർക്ക് കേന്ദ്രമാക്കിയുള്ള ആദ്യത്തെ എക്സാർക്കേറ്റിനെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ ഒരു ഭദ്രാസനമായി ഉയർത്തിയ പ്രഖ്യാപനം ഇതിനോടകം നിങ്ങളേവരും അറിഞ്ഞുകാണുമല്ലോ. വടക്കേ അമേരിക്കയിലെയും കാനഡയിലെയും

നമ്മുടെ മലങ്കരസുറിയാനി കത്തോലിക്കാ വിശ്വാസികൾക്കായി സ്ഥാപിതമായ "സമാധാന രാജ്ഞിയുടെ ഭദ്രാസനത്തിന്റെ" പ്രഥമ അധ്യക്ഷനായി ഇപ്പോഴത്തെ അപ്പസ്തോലിക്ക് എക്സാർക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവ് നിയമിതനായി. ന്യൂയോർക്കിലെ എൽമോണ്ടിലുള്ള മാർ ഈവാനിയോസ് സെന്റർ പുതിയ ഭദ്രാസനകേന്ദ്രവും ഇടവക ദൈവാലയം കത്തീഡ്രലും ആയിരിക്കും. ഇതോടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് 10 ഭദ്രാസനങ്ങളും ഒരു എക്സാർക്കേറ്റും നിലവിലായി.

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് 1960-ൽ ഈ സഭാകൂട്ടായ്മക്ക് ആരംഭം കുറിച്ചു. 14 വർഷങ്ങൾക്കുമുമ്പ് പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ബലഹീനനായ എന്നെ അപ്പസ്തോലിക് വിസിറ്റർ ആയി നിയമിക്കുക വഴി ഈ കൂട്ടായ്മകൾക്ക് ഒരു നൈയാമിക പദവി ലഭിച്ചു. പിന്നീട് ഈ പ്രദേശങ്ങളിലെ അപ്പസ്തോലിക് വിസിറ്ററായി നിയമിതനായ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ ശുശ്രൂഷകൾ ഇത്തരുണത്തിൽ ഏറെ നന്ദിയോടെ ഓർക്കുന്നു. ഈ പ്രദേശങ്ങളിൽ മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നവരുമായ എല്ലാ ബഹു. വൈദികരേയും സിസ്റ്റേഴ്സിനേയും അൽമായരേയും പ്രത്യേകം ഓർക്കുന്നു. 2016 ജനുവരി 23-ന് ന്യൂയോർക്ക് എൽമോണ്ട് ദൈവാലയത്തിൽ സ്ഥാനാരോഹണ ശുശ്രൂഷയും പുതിയ ഭദ്രാസനത്തിന്റെ ഉദ്ഘാടനവും നടത്തപ്പെടുന്നതാണ്. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിൽത്തന്നെ എക്സാർക്കേറ്റ് ഒരു ഭദ്രാസനമായി ഉയർത്തപ്പെട്ടുവെന്നത് തികച്ചും ദൈവപരിപാലന തന്നെ. ജന്മശതാബ്ദി വിവിധ ജീവകാരുണ്യ കർമ്മപരിപാടികളായി നാം ആഘോഷിച്ചു. എല്ലാ കാര്യങ്ങളിലും നമ്മുടെ കൂടെ നടക്കുന്ന വലിയ ദൈവത്തിന് നന്ദി.

നമ്മുടെ സഭയുടെ കേന്ദ്രകാര്യാലയമായ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലൂടെ സമന്വയിക്കപ്പെടുന്ന സഭയുടെ ഭരണപരവും അപ്പസ്തോലികവുമായ സഭാശുശ്രൂഷകളെ ഉദാരമായ സ്തോത്രകാഴ്ചകളിലൂടെ സഹായിക്കുവാനുള്ള ഒരവസരംകൂടിയാണ് കാതോലിക്കാദിനം. അന്നേദിവസത്തെ കാണിക്ക/ കവർപിരിവ് ഈ നിയോഗത്തിലേയ്ക്കാണല്ലോ നാം മാറ്റിവയ്ക്കുന്നത്. അതിനെക്കുറിച്ച് തലേ ഞായറാഴ്ച തന്നെ ദൈവജനത്തെ ബോധ്യപ്പെടുത്തുവാനും ഉചിതമായ സ്തോത്രകാഴ്ച നൽകുവാനും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകൾ മാത്രമല്ല, നമ്മുടെ എല്ലാ സ്ഥാപനങ്ങളും സന്യാസ സമൂഹങ്ങളും അവയുടെ പ്രോവിൻസുകളും ഈ ഉദ്യമത്തിൽ

ഔദാര്യപൂർവം പങ്കുചേരണം. ഭദ്രാസന അദ്ധ്യക്ഷന്മാർ അവരവരുടെ ഭദ്രാസനങ്ങളിൽനിന്നുള്ള സ്തോത്രകാഴ്ചകളും സംഭാവനകളും ഫെബ്രുവരി 15-ന് ആരംഭിക്കുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അവസരത്തിൽ കൊണ്ടുവരേണ്ടതാണ്. സുപ്പീര്യർ ജനറൽമാരും, പ്രൊവിൻഷ്യൽ സുപ്പീരേ്യഴ്സും തങ്ങളുടെ പ്രോവിൻസിൽനിന്നുമുള്ള സ്തോത്രകാഴ്ചകളും സംഭാവനയും സുന്നഹദോസിനോടനുബന്ധിച്ച് ഫെബ്രുവരി 16-ാം തീയതി നടത്തുന്ന മേജർ സുപ്പീരേ്യഴ്സ് മീറ്റിംഗിൽ പങ്കെടുക്കുവാൻ വരുമ്പോൾ കൊണ്ടുവരുന്നതും ഉചിതമായിരിക്കും. ഈ കാര്യത്തിൽ തുറവിയും നല്ല മനസ്സും ഉണ്ടാകണമെന്ന് ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

കാതോലിക്കാദിനത്തിൽ വി. കുർബാനയ്ക്കുശേഷം നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻകേന്ദ്രങ്ങളിലും കാതോലിക്കാ പതാക ഉയർത്തുകയും കാതോലിക്കാദിന പ്രതിജ്ഞ ചൊല്ലുകയും വേണം. ഈ ദിനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും ബഹു. വൈദികരെയും സന്യസ്തരെയും ദൈവ ജനത്തെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയുടെ ചിറകിൻകീഴിൽ നാമേവരെയും സംരക്ഷിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselioscleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

N.B.: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.